## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2620 18.08.2017 - ൽ മറുപടിക്ക്**

## ശാസ്തമംഗലം - വെള്ളയമ്പലം റോഡ്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എം. സ്വരാജ് :** | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) തിരുവനന്തപുരം നഗരത്തിലെ ശാസ്തമംഗലം - വെള്ളയമ്പലം റോഡ് മാതൃകാ റോഡായി കേരളാ റോഡ് ഫണ്ട് ബോർഡ് പ്രഖ്യാപിച്ചിട്ടുണ്ടോ; ഇതിലൂടെ ഉദ്ദേശി-ക്കുന്നത് എന്തെന്ന് അറിയിക്കുമോ ; | (എ) കേരളാ റോഡ് ഫണ്ട് ബോർഡ്, വെള്ളയമ്പലം - ശാസ്തമംഗലം റോഡിനെ മാതൃകാ റോഡായി പ്രഖ്യാപിച്ചിട്ടില്ല. ട്രാഫിക്, പാർക്കിംഗ് പരിഷ്കാരങ്ങളുടെ ഭാഗമായി വെള്ളയമ്പലം - ശാസ്തമംഗലം റോഡ് ട്രാഫിക് പോലീസ് മാതൃകാ റോഡായി പ്രഖ്യാപിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത റോഡിന്റെ ശാസ്തമംഗലം ഭാഗത്തെ വികസന പ്രവർത്തനം പൂർത്തീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് അറിയിക്കുമോ ; | (ബി) ശാസ്തമംഗലം ജംഗ്ഷനിൽ രണ്ടു പെട്ടിക്കടകൾ ഇതുവരെയും ഒഴിപ്പിച്ചെടുക്കാൻ സാധിക്കാത്ത-തിനാൽ പ്രസ്തുത ഭാഗത്തെ നടപ്പാതയുടെ പ്രവൃത്തി ഒഴിച്ചുള്ള ബാക്കി എല്ലാ പ്രവൃത്തികളും 2012 - ൽ പൂർത്തീകരിച്ചിട്ടുണ്ട്. |
| (സി) ഈ റോഡിലെ നടപ്പാതകൾ പലയിടങ്ങളിലും പൊട്ടിപ്പൊളിഞ്ഞു കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) വെള്ളയമ്പലം - ശാസ്തമംഗലം റോഡിൽ പ്രതിരോധ വകുപ്പിന് കേബിൾ സ്ഥാപിക്കുന്നതിനും, കെ. എസ്. ഇ. ബി, എയർടെൽ എന്നീ യൂട്ടിലിറ്റി ഏജൻസികളുടെ യൂട്ടിലിറ്റി ലൈനുകൾ ഇടുന്നതിനു- |

മായി അനുമതി നൽകുകയുണ്ടായി. ഇതിന്റെ ഭാഗമായി പ്രസ്തുത റോഡിൽ ചില സ്ഥലങ്ങളിൽ ടൈലുൾ മാറ്റി യൂട്ടിലിറ്റി സ്ഥാപിക്കുകയും അവ തീരുന്ന മുറയ്ക്ക് പദ്ധതിയുടെ കൺസ്ട്രക്ഷൻ കമ്പനിയായ ടി. ആർ. ഡി. സി. എൽ പുന:സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റോഡിൽ ഇപ്പോൾ ഒരു മാൻഹോളിന്റെ പ്രവൃത്തികൾ നടന്നു വരികയാണ്. ഈ പ്രവൃത്തി പൂർത്തിയാകുന്ന മുറയ്ക്ക് നടപ്പാതയുടെ അറ്റകുറ്റപ്പണി പൂർത്തിയാക്കുന്നതാണ്.

(ഡി) ഈ റോഡിന്റെ സൗന്ദര്യവൽക്കരണത്തിന്റെ ഭാഗമായി നട്ടിട്ടുള്ള മരങ്ങളും ചെടിച്ചട്ടികളിലെ ചെടികളും പലയിടത്തും കൃത്യമായ പരിപാലനമില്ലാത്തതുകാരണം മോശമായ അവസ്ഥയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ട്. സോഷ്യൽ ഫോറസ്ട്രി വകുപ്പ് ഈ റോഡിൽ കുറേ ചെടിച്ചട്ടികൾ സ്ഥാപിച്ചിട്ടുണ്ട്. ഇവയിൽ പലതും ഉണങ്ങുകയോ, ചട്ടികൾ പൊട്ടുകയോ, ചെടികൾ കൂടുതലായി വളരുകയോ, പരിപാലനക്കുറവുമൂലം മോശമായ അവസ്ഥയിലോ ആണ്. ഇവ ഇവിടെ നിന്നും നീക്കം ചെയ്യുന്നതിനായി സോഷ്യൽ ഫോറസ്ട്രി വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) ഈ റോഡിന്റെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനും മാതൃകാറോഡിന്റെ നിലവാരത്തിലേക്കുയർത്തുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

(ഇ) വെള്ളയമ്പലം - ശാസ്തമംഗലം റോഡിന്റെ നടപ്പാതയുടെ ടൈലുകൾ ഏറെക്കുറെ പുന:സ്ഥാപിച്ചു കഴിഞ്ഞു. സോഷ്യൽ ഫോറസ്ട്രി വകുപ്പുമായി സഹകരിച്ച് ഈ റോഡിൽ നട്ടുപിടിപ്പിച്ചിട്ടുള്ള മരങ്ങളും, ചെടികളും കൃത്യമായി പരിപാലിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ